**നം-ബി 5-19701/2013/മീറ്റിംഗ്/ഡി.ഐ.എം.എസ്**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്
ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം - 14,

**തീയതി, 09.08.2017**

പ്രേഷിത

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ

**സ്വീകർത്താവ്**

1. **റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ,
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്,
ദക്ഷിണ മേഖല, കൊല്ലം/മദ്ധ്യ മേഖല, എറണാകുളം/
ഉത്തര മേഖല, കോഴിക്കോട്**

2. **ഡെപ്യൂട്ടി ഡയറക്ടർ(ഹോമിയോ/ആയുർവ്വേദം)
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്,
തിരുവനന്തപുരം**

3. **സൂപ്രണ്ട്,
ഇ.എസ്.ഐ ഹോസ്പിറ്റൽ,**

**..............................................................................**

4. **ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ,
ഇ.എസ്.ഐ ഡിസ്പെൻസറി,**

**..............................................................................**

സർ,

വിഷയം :- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് - അവലോകനയോഗ നടപടി ചുരുക്കം അയയ്ക്കുന്നത് - സംബന്ധിച്ച്.

സൂചന :– 25.07.2017-ൽ നടന്ന അവലോകന യോഗ നടപടി ചുരുക്കം.

-------------

**25.07.2017**-ൽ ഈ ഓഫീസിൽ വച്ച് നടന്ന അവലോകന യോഗത്തിന്റെ മിനിട്ട്സ് തുടർനടപടികൾക്കായി അയയ്ക്കുന്നു. പ്രസ്തുത മിനിറ്റ്സിന്റെ പകർപ്പ് www.ims.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണെന്ന വിവരം താങ്കളുടെ അധീനതയിലുള്ള എല്ലാ സ്ഥാപന മേധാവികളേയും അറിയിക്കേണ്ടതാണ്.

**വിശ്വസ്തതയോടെ,**

Ajeta Naik

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ**

എസ്കെവി!

## 25.07.2017-ൽ നടന്ന അവലോകനയോഗത്തിന്റെ നടപടി ചുരുക്കം

യോഗം രാവിലെ 10.30-ന് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ ഡോ.അജിത നായർ.ആർ-ന്റെ നേതൃത്വത്തിൽ ആരംഭിച്ചു. പങ്കെടുത്ത ജീവനക്കാരുടെ പേരുവിവരം അനുബന്ധമായി ഇതോടൊപ്പം ചേർത്തിരിക്കുന്നു.

05.07.2017-ൽ നടന്ന സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മറ്റിയിൽ ചർച്ച ചെയ്ത പ്രധാന വിഷയങ്ങൾ എല്ലാവരെയും അറിയിക്കുന്നതോടൊപ്പം ഇ.എസ്.ഐ നോംസിൽ എൻ.സി.ഡി ക്ലിനിക്കിന്റെ സേവനം പരാമർശിച്ചിട്ടില്ലാത്തതിനാൽ സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ, ക്ലിനിക്കിന് അനുബന്ധമായ ഫർണിച്ചർ, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് അനുവാദം നല്കാത്ത് സാഹചര്യത്തിൽ പ്രൊപ്പോസലുകൾ ക്വട്ടേഷൻ സഹിതം എത്രയും പെട്ടെന്ന് ഡയറക്ടറേറ്റിൽ അയയ്ക്കേണ്ടതാണെന്നും തുടർന്ന് അനുവാദം ഡയറക്ടറേറ്റിൽ നിന്നും ലഭിക്കുന്നതാണെന്നും വകുപ്പദ്ധ്യക്ഷ അറിയിച്ചു.

**ചർച്ച ചെയ്ത വിഷയങ്ങൾ**

(1) ഇ.എസ്.ഐ കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ഉള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പല ഡിസ്പെൻസറികളുടെയും അവസ്ഥ വളരെ പരിതാപകരമാണ്. ഇത് വകുപ്പിന്റെ മുഖഛായയെ മാറ്റി മറിയ്ക്കുന്നു. ചോർന്നൊലിച്ച നിലയിൽ ഉള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഡിസ്പെൻസറഇകളുടെ അറ്റകുറ്റപ്പണികൾക്കും, പെയിന്റിംഗി-നുമായ എസ്റ്റിമേറ്റുകൾ അക്രെഡിറ്റഡ് ഏജൻസി വഴി തയ്യാറാക്കി സെപ്തംബറിൽ ആശുപത്രി വികസന സമിതിയിൽ പാസ്സാക്കി സെപ്തംബർ 30-നകം ഈ ഓഫീസിൽ അയച്ചുതരേണ്ടതാണ്. ഇ.എസ്.ഐ.സി നോംസ് അനുസരിച്ചുള്ള കളറായിരിക്കണം നൽകേണ്ടത്. **(നടപടി - എല്ലാ ആശുപത്രി മെഡിക്കൽ സൂപ്രണ്ട്, ഫീഡിംഗ് ഡിസ്പെൻസറികളിലെ ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാർ)**

(2) സ്ട്രക്ച്ചറൽ ആഡിറ്റ് ആവശ്യമുള്ള ആശുപത്രി, ഡിസ്പെൻസറി അനുബന്ധ ക്വാർട്ടേഴ്സുകൾ ഇവയുടെ സ്ട്രക്ച്ചറൽ ആഡിറ്റ് നടത്തുവാൻ തൃശ്ശൂർ ഇ.എസ്.ഐ കോർപ്പറേഷൻ, റീജിയണൽ ഡയറക്ടർക്ക് കത്ത് നല്കേണ്ടതാണ്. അതിന്റെ ഒരു പകർപ്പ് ഡയറക്ടർക്കും നൽകേണ്ടതാണ്. **(നടപടി - മെഡിക്കൽ സൂപ്രണ്ട്, ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ)**

(3) ആശുപത്രികളിൽ നടത്തേണ്ട AR/SRM work-കളുമായി ബന്ധപ്പെട്ടുള്ള Memorandam of Understanding ഇതുവരെ Sign ചെയ്തിട്ടില്ലാത്ത ആശുപത്രികൾ ഉണ്ടെങ്കിൽ അത് ഉടനെ നടപ്പിലാക്കേണ്ടതാണ്. **(നടപടി - മെഡിക്കൽ സൂപ്രണ്ട്)**

(4) ഒട്ടുമിക്ക സ്ഥാപനങ്ങളുടെയും പേരെഴുതിയ ബോർഡുകൾ വളരെ പഴയ-തായതിനാൽ വ്യക്തമായ രീതിയിൽ അല്ല പ്രദർശിപ്പിച്ചിരിക്കുന്നത്. അത്തരത്തിൽ വ്യക്തവും, സ്പഷ്ടവും അല്ലാതെ പ്രദർശിപ്പിച്ചിരിക്കുന്ന, സ്ഥാപനങ്ങളുടെ പേരെഴുതിയ ബോർഡുകൾ മാറ്റി പുതിയവ പ്രദർശിപ്പിക്കേണ്ടതാണ്. അതേ പോലെ വഴി ചൂണ്ടിക്കാണിക്കുന്ന ബോർഡുകൾ ആവശ്യമെങ്കിൽ അതാത് കോർപ്പറേഷൻ അധികാരികളുടെ അനുമതിയോടെ പ്രദർശിപ്പിക്കേണ്ടതും ആണ്. ഇതിനാവശ്യമായ തുക ആശുപത്രി വികസന സമിതി വഴി പാസ്സാക്കേണ്ടതാണ്.

**(നടപടി - മെഡിക്കൽ സൂപ്രണ്ട്, ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ)**

(5) എൻ.സി.ഡി ക്ലിനിക്കിന്റെ ആവശ്യങ്ങൾക്കായി പ്ലാൻ ഫണ്ടിലെ തുകയിൽ നിന്നും 9 ഡിസ്പെൻസറികളിലേയ്ക്ക് ഫ്രിഡ്ജ് നല്കുന്നതാണ്. (ചക്കോരത്തുകുളം, ഇ.എസ്.ഐ ആശുപത്രി, ആലപ്പുഴ, പാലക്കാട്, മുളങ്കുന്നത്തുകാവ്, തോട്ടട എന്നിവ ലിസ്റ്റിലില്ല. പ്രസ്തുത സ്ഥാപനങ്ങൾ പുതിയ ഫ്രിഡ്ജ് വാങ്ങുവാൻ പ്രൊപ്പോസൽ നൽകേണ്ടതാണ്) **(നടപടി - മെഡിക്കൽ സൂപ്രണ്ട്, ഇ.എസ്.ഐ ആശുപത്രി, ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ ഡിസ്പെൻസറി, ചക്കോരത്തുകുളം)**

(6) ഇ.എസ്.ഐ ഉപഭോക്താക്കളുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷ സൂക്ഷ്മമായും, കാര്യക്ഷമമായും, വേഗത്തിലും കൈകാര്യം ചെയ്യുന്നതിന് വകുപ്പ് ഒരു പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് ആവശ്യമായ ട്രെയിനിംഗ്, ജില്ല തിരിച്ച്, നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് നൽകുന്നതും. ഓരോ ജില്ലകളിലേയ്ക്ക് കമ്പ്യൂട്ടർ പരിജ്ഞാനമുള്ളവരെ നോഡൽ ഓഫീസർ ആക്കി നിയമിക്കുന്നതുമാണ്. **(നടപടി - ഐ.ടി നോഡൽ ഓഫീസർ)**

(7) കൊല്ലം ജില്ലയിലെ ഡിസ്പെൻസറി പരിസരത്തുള്ള കാടുകൾ വൃത്തിയാക്കാത്ത നിലയിൽ കണ്ടുവരുന്നത് ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. പകർച്ചപ്പനി രൂക്ഷമായി പകരുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ ഡിസ്പെൻസറി/ആശുപത്രി പരിസരങ്ങൾ വൃത്തിയായി സൂക്ഷിക്കേണ്ടത് അത്യാവശ്യമാണെന്നും സ്വന്തം സ്ഥാപനത്തിന്റെ പരിസരം വെടിപ്പും, വൃത്തിയുമായി സൂക്ഷിക്കേണ്ടതിന് ആവശ്യമായ നടപടികൾ സ്ഥാപനമേധാവികൾ യുദ്ധകാല അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതാണ്. അത്യാവശ്യമെങ്കിൽ കാടുവെട്ടിത്തെളിക്കുന്നതിനുള്ള ഫണ്ട് ക്വട്ടേഷൻ സഹിതം സമർപ്പിച്ചാൽ നൽകുന്നതാണ്. **(നടപടി - ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ ഡിസ്പെൻസറി, കൊല്ലം)**

(8) വ്യക്തമായ രേഖകൾ ഇല്ലാതെ ഡിസ്പെൻസറി/ആശുപത്രികളിൽ നിന്നും റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് ലഭിക്കുന്ന അപേക്ഷകൾ (ഗ്രേഡ്, പ്രൊമോഷൻ, ലീവ്, പെൻഷൻ, ജി.പി.എഫ്) തുടർനടപടികൾക്കായി ഡയറക്ടറേറ്റിലേയ്ക്ക് അയയ്ക്കുന്ന രീതി ഒഴിവാക്കേണ്ടതാണ്. പൂർണ്ണതയില്ലാതെ ലഭിക്കുന്ന അപേക്ഷകൾ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തന്നെ നിരസിക്കേണ്ടതാണ്. വ്യക്തമായും, പൂർണ്ണമായതുമായ അപേക്ഷകൾ മാത്രം സ്വീകരിച്ച് നടപടികൾ സ്വീകരിക്കുക.

**(നടപടി - റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ )**

(9) ഐ.പികളുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ക്ലെയിം തീർപ്പാക്കുന്നതിനായി 2018 ഫെബ്രുവരി വരെയുള്ള അലോട്ട്മെന്റ് 142 ഡിസ്പെൻസറികൾക്കും നൽകി-യിട്ടുള്ളതാണ്. എന്നാൽ 25 ഡിസ്പെൻസറികൾ മാത്രമാണ് കാര്യക്ഷമമായി തുക ചെലവഴിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ താഴെ കൊടുക്കുന്ന പ്രൊഫോർമയിൽ അവലോകന മേധാവികൾ വിവരങ്ങൾ ശേഖരിച്ച് 2017 ആഗസ്റ്റ് 16-നകം ഒരു യൂട്ടിലൈസേഷൻ റിപ്പോർട്ട് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നൽകേണ്ടതും ആഗസ്റ്റ് 25-നകം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ റിപ്പോർട്ട് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്ക് നൽകേണ്ടതുമാണ്.

| Sl. No. | Name of Institution | IP's MRC settled up to (Month/Year) | Allotment Received for 2017-18 in (₹) | Amount utilized in ₹ ................. /- upto (Month/Year) | Balance fund availed [Col. 4-5] |
|---|---|---|---|---|---|
| [1] | [2] | [3] | [4] | [5] | [6] |
| | | | | | |

**(നടപടി - അവലോകന മേധാവികൾ)**

(10) എല്ലാ ആശുപത്രി സൂപ്രണ്ടുമാരും ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ സ്പെഷ്യാലിറ്റി/ സൂപ്പർ സ്പെഷ്യാലിറ്റി റഫറൻസിന്റെ ഒ.പി സ്റ്റാറ്റസ്, ഐ.പി സ്റ്റാറ്റസ് എന്നിവ അടുത്ത അവലോകന യോഗത്തിൽ കൊണ്ടുവരേണ്ടതാണ്.

Name of Hospital

| Sl.No | Specialty | | | | Super Specialty | | |
|---|---|---|---|---|---|---|---|
| | Month/Year | No. of OP | No. of IP | No. of cases referred to Empanelled Centres | No. of OP | No.of IP | No. of cases referred to Empanelled Centres |
| | | | | | | | |

(11) UTI യുടെ website (interface) ലൂടെ Empanelled Centres-ലേയ്ക്ക് റഫർ ചെയ്യുന്ന, ഡിസ്പെൻസറി/ആശുപത്രികളിൽ കമ്പ്യൂട്ടർ പ്രവർത്തനയോഗ്യമല്ലെങ്കിൽ അത് ഉടനെ സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലെങ്കിൽ പ്രസ്തുത വിവരവും സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണറെ അറിയിക്കേണ്ടതാണ്.

09/2015 മുതലുള്ള സൂപ്പർ സ്പെഷ്യാലിറ്റി എംപാനൽഡ് ആശുപത്രികളുടെ ബില്ലുകൾക്കുള്ള പേയ്മെന്റ് സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ നേരിട്ട് UTI യുടെ സഹായത്തോടെ നടപ്പിലാക്കുന്നതിനാൽ UTI യുടെ സോഫ്റ്റ്വെയറിൽ റഫറൻസ് നടത്തുന്നതിനായി കമ്പ്യൂട്ടർ സംബന്ധിച്ച infrastructure പൂർണ്ണമായും പ്രവർത്തന-ക്ഷമമായിരിക്കേണ്ടതാണ്. അതാത് മെഡിക്കലോഫീസർമാർ മേൽ വിവരം ഉറപ്പ് വരുത്തേണ്ടതുമാണ്. **(നടപടി – അതാത് സ്ഥാപനമേധാവികൾ)**

(12) ഭരണഭാഷ മലയാളത്തിൽ കൈകാര്യം ചെയ്യുന്ന ഫയലുകളുടെ വിവരങ്ങൾ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ consolidate ചെയ്ത് സമർപ്പിക്കേണ്ടതാണ്.

**(നടപടി - റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ )**

(13) എല്ലാ സ്ഥാപനങ്ങളും വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ വിലാസവും, ടെലിഫോൺ നമ്പറും അടങ്ങിയ ബോർഡ് സ്ഥാപനത്തിന് മുമ്പാകെ പ്രദർശിപ്പിക്കേണ്ടതാണ്.

**(നടപടി - ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ)**

(14) വകുപ്പിന്റെ ചെലവ് കണക്ക് വിവരങ്ങൾ റിക്കൺസിൽ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഒരു < ലിങ്ക് > **BIMS**-ൽ ലഭ്യമായ സാഹചര്യത്തിൽ എല്ലാ സ്ഥാപനമേധാവികളും പ്രസ്തുത < ലിങ്ക് > വഴി reconciliation നടത്തി expenditure statement അവലോകന മേധാവികൾ മുഖേന നൽകേണ്ടതാണ്.

**(നടപടി - മെഡിക്കൽ സൂപ്രണ്ട്, ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ)**

(15) ഇ.എസ്.ഐ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ പരിസരം ഏതെങ്കിലും തരത്തിൽ മറ്റുള്ളവർ കൈവശം വെയ്ക്കുകയോ കടന്നു കയറ്റം ചെയ്യുകയോ ഉണ്ടായിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം ഡയറക്ടർക്കും ഇ.എസ്.ഐ കോർപ്പറേഷൻ റീജിയണൽ ഡയറക്ടർക്കും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(16) ഇ.എസ്.ഐ കോർപ്പറേഷന്റെ പ്രോജക്ട് പഞ്ച്ദീപിന്റെ ഭാഗമായി നടപ്പിലാക്കിയ ധന്വന്തരി എന്ന ഹെൽത്ത് ഇൻഫർമേഷൻ സിസ്റ്റം, കമ്പ്യൂട്ടർ, ഇന്റർനെറ്റ് എന്നീ സൗകര്യങ്ങൾ ലഭ്യമായ സ്ഥാപനങ്ങൾ പോലും ഓൺലൈൻ ആയി യാതൊന്നും ചെയ്യുന്നില്ല എന്ന് കോർപ്പറേഷൻ റീജിയണൽ ഡയറക്ടർ, സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ മുമ്പാകെ അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാരും അതാത് സോണിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണ് കമ്പ്യൂട്ടർ പ്രവർത്തിക്കാത്തതെന്നും അതിനുള്ള കാരണവും ആഗസ്റ്റ് 30-നകം ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

യോഗം 2.15-ന് അവസാനിച്ചു.

Ajita Nair R

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ**

എസ്കെവി – 8.8.17

**25.07.2017-ൽ ചേർന്ന ദ്വൈമാസ അവലോകനയോഗത്തിൽ പങ്കെടുത്ത ജീവനക്കാരുടെ പേര് വിവരം**

| Sl. No | Name & Designation | Name of Institution |
|---|---|---|
| 1. | Dr.Ajita Nair R, Director of Insurance Medical Services | Directorate of Insurance Medical Services |
| 2. | Dr.Latha Sahadevan, Deputy Director (Ayurveda) | O/o Deputy Director, IMS |
| 3. | Dr.Ajitha. T.P, Deputy Director (Homoeo) | O/o Deputy Director, IMS |
| 4. | Dr.Chandramathy Karunakaran.A, Superintendent | ESI Hospital, Ernakulam |
| 5. | Dr.Suganthi Gopinath, Superintendent | ESI Hospital, Peroorkada |
| 6. | Dr.Deepa.K, | ESI Hospital, Palakkad |
| 7. | Dr.Seninamma John | ESI Dispensary, Kottarakkara |
| 8. | Dr. Mini Grace, Insurance Medical Officer (i/c) | ESI Dispensary, Pattathanam |
| 9. | Dr.N.K.Rajan, Superintendent | ESI Hospital, Feroke |
| 10. | Dr.Bijiu.S | ESI Hospital, Thottada |
| 11. | Dr. K.K.Radhakrishnan Superintendent | ESI Hospital, Olarikkara |
| 12. | Dr. A.P.Mohammed, Superintendent | ESI Hospital, Alapuzha |
| 13. | Dr.Premakumari, Regional Deputy Director (NZ) | Kozhikode |
| 14. | Dr.Kumari Letha, Superintendent | ESI Hospital, Vadavathur, Kottayam |
| 15. | Dr.A.A.Sheela, Regional Deputy Director (SZ) | Kollam |
| 16. | G.Thulaseedharan Pillai, Senior Administrative Officer | Directorate of Insurance Medical Services |
| 17. | K.Murali, Senior Superintendent | Directorate of Insurance Medical Services |
| 18. | Jose.K.Biju, Senior Superintendent | Directorate of Insurance Medical Services |
| 19. | Saramma Florance, Junior Superintendent | ESI Hospital, Ernakulam |
| 20. | Radha.T, Lay Secretary & Treasurer | ESI Hospital, Peroorkada |
| 21. | Abdul Haque, Lay Secretary & Treasurer | ESI Hospital, Mulakunnathukavu |

| Sl. No | Name & Designation | Name of Institution |
|---|---|---|
| 22. | Lussamma Sebastian, Junior Superintendent | Directorate of Insurance Medical Services |
| 23. | Meenakumari.N, Fair Copy Superintendent | Directorate of Insurance Medical Services |
| 24. | C.V.Usha, Store Keeper | Directorate of Insurance Medical Services |
| 25. | Shajahan.K.S, Junior Superitendent | Directorate of Insurance Medical Services |
| 26. | Mohamed Kutty.A, Junior Superintendent | ESI Hospital, Feroke |
| 27. | K.S.Shajahan, Junior Superintendent | Directorate of Insurance Medical Services |
| 28. | Anilkumar.K, Head Clerk | O/o. Regional Deputy Director (NZ) |
| 29 | R.Prakash, Research Assistant | Directorate of Insurance Medical Services (Statistics) |
| 30 | Beena Kumari.G, Junior Superintendent | ESI Hospital, Vadavathoor |
| 31 | Harrison D Perera, Junior Superintendent | ESI Hospital, Alappuzha |

**Director of Insurance Medical Services**